**കേരള സർക്കാർ**

നം. 427/ഡിസി1/2018/ത.സ്വ.ഭ.വ.(1)

തദ്ദേശ സ്വയംഭരണ (ഡി സി)വകുപ്പ്,
തിരുവനന്തപുരം, തീയതി : 13.02.2019.

അഡീഷണൽ ചീഫ് സെക്രട്ടറി.

ബഹു. മേയർ, കൊച്ചി കോർപ്പറേഷൻ.

സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ.

സർ,

വിഷയം :- ത.സ്വ.ഭ.വ. – ബ്രഹ്മപുരത്തെ ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം - തുടർനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 05.02.2019 ലെ ഇതേ നമ്പർ സർക്കാർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന കത്തിനോടൊപ്പം ലഭ്യമാക്കിയിട്ടുള്ള, ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി 16.01.2019-ന് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതിൽ ചേർന്ന യോഗത്തിലെ നടപടിക്കുറിപ്പിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതോടൊപ്പം ബഹു,നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ റീജണൽ മോണിറ്ററിംഗ് കമ്മിറ്റി (സൗത്ത്) യുടെ കൊച്ചിയിൽ ചേർന്നയോഗത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നടപടികൾ കൂടി **കർശനമായി നടപ്പിലാക്കി** റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

i. കൊച്ചി കോർപ്പറേഷന്റെ ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിൽ നിന്നും ലീച്ചേറ്റ് പുറത്തേക്ക് ഒഴുകി പരിസരത്തെയും ജലാശയങ്ങളെയും മലിനമാക്കാൻ പാടില്ല. റീജിയണൽ മോണിറ്ററിംഗ് കമ്മിറ്റി (സൗത്ത്) യുടെ പ്ലാന്റ് സന്ദർശനത്തിന്റെ തലേദിവസം സ്ഥാപിച്ച് പ്രവർത്തിച്ചു തുടങ്ങിയ mobile leachet treatment സംവിധാനം കൃത്യമായി തുടർന്നും പ്രവർത്തിപ്പിക്കേണ്ടതാണ്. ഈ mobile leachet treatment സംവിധാനത്തിന്റെ പ്രവർത്തനം യാതൊരു കാരണവശാലും അവസാനിപ്പിക്കാൻ പാടില്ല. Mobile Leachet Treatment Plant-ന്റെ പ്രതിദിന റിപ്പോർട്ട് ഓരോ ദിവസവും e-mail ൽ നൽകണം. ട്രീറ്റ് ചെയ്യുന്ന ലീച്ചേറ്റിന്റെ ടെസ്റ്റ് റിസൽറ്റ് (chemical, physical and biological) എല്ലാ ദിവസവും ലഭ്യമാക്കണം. ആഴ്ചതോറും കൊച്ചി കോർപ്പറേഷൻ ഇത് ശേഖരിച്ച് അവലോകനം ചെയ്ത് സർക്കാരിൽ അറിയിക്കേണ്ടതാണ്. ലീച്ചേറ്റ് ട്രീറ്റ്മെന്റിന്റെ out put, മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡങ്ങൾക്കനുസൃതമാണ് എന്ന് ഉറപ്പു വരുത്തുകയും വേണം. ഇക്കാര്യങ്ങൾ കൃത്യമായി നിർവ്വഹിക്കുന്നതിനായി കൊച്ചി കോർപ്പറേഷന്റെ എൺവയോൺമെന്റൽ എൻജിനീയറെ ചുമതലപ്പെടുത്തുന്നു.
(Action :- Environmental Engineer, Kochi Coporation
Monitoring :- Secretary, Kochi Corporation

ii. ആലുവ, അങ്കമാലി, കളമശ്ശേരി, തൃപ്പൂണിത്തുറ, തൃക്കാക്കര മുനിസിപ്പാലിറ്റികളും, ചേരാനല്ലൂർ, പുത്തൻകുരിശ്ശ്-വടവുകോട് ഗ്രാമപഞ്ചായത്തുകളും തരം തിരിച്ച മാലിന്യങ്ങൾ മാത്രമെ ബ്രഹ്മപുരം പ്ലാന്റിലേക്ക് അയയ്ക്കുവാൻ പാടുള്ളൂ. പ്ലാസ്റ്റിക്ക് മാലിന്യങ്ങളും മറ്റ് അജൈവ മാലിന്യങ്ങളും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തന്നെ സംസ്കരിക്കണം. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകളും, MCF, RRF തുടങ്ങിയ സംവിധാനങ്ങളും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തന്നെ നിർബന്ധമായും സ്ഥാപിച്ച് പ്രവർത്തനസജ്ജമാക്കണം. ഇതിനാവശ്യമായ കർശന നിർദ്ദേശം കൊച്ചി കോർപ്പറേഷൻ സെക്രട്ടറി മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണം. (കൊച്ചി കോർപ്പറേഷൻ തരം തരിച്ച മാലിന്യങ്ങൾ മാത്രമേ ബ്രഹ്മപുരം പ്ലാന്റിലേക്ക് കടത്തിവിടാൻ പാടുള്ളൂ.)

Action :-Secretary, Kochi Corporation.

iii. കവചിത വാഹനത്തിൽ മാത്രമേ മാലിന്യം പ്ലാന്റിൽ എത്തിക്കുവാൻ പാടുള്ളൂ. തുറന്ന വാഹനത്തിൽ മാലിന്യം എത്തിക്കുന്നത് **01.03.2019 മുതൽ കർശനമായി നിരോധിച്ചിരിക്കുന്നു.**

iv. ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കൊച്ചി കോർപ്പറേഷനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഹ്രസ്വകാല, ദീർഘകാല നടപടികളുടെ ആഴ്ചതോറുമുള്ള **പുരോഗതി റിപ്പോർട്ട്** കോർപ്പറേഷൻ സെക്രട്ടറി കോർപ്പറേഷന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും രണ്ടാഴ്ചയിലൊരിക്കൽ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം നേടുകയും വേണം.
Action :- Secretary, Kochi Corporation
Supervision :- Dr.T.Mithra IAS, Additional Secretary, LSGD
Periodicity :-Weekly

v. Leachet Treatment, Segregated Waste Collection and Transportation, Transportation of waste in covered vehicle തുടങ്ങിയവ സംബന്ധിച്ച വിവരം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന പ്രഫോർമയിൽ പ്രതിദിനം റിപ്പോർട്ട് ചെയ്യേണ്ടതാണ്.
Action :- Secretary, Kochi Corporation.
Supervision :- Dr.T.Mithra IAS, Additional Secretary, LSGD

വിശ്വസ്തതയോടെ,

ടി.കെ ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പകർപ്പ് :- നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

DAILY MONITORING REPORT

**Details of Trucks bringing Solid waste to Brahmapuram Solid Waste Treatment Plant**

| Date | No of Loads | | Segregated Load | Unsegregated Load | Remarks |
|---|---|---|---|---|---|
| | covered vehicles | non covered vehicles | | | |
| 16/2/2019 | | | | | |
| 17/2/2019 | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| 28/2/2019 | | | | | |
| 1/3/2019 | | | | | |
| 2/3/2019 | | | | | |
| 3/3/2019 | | | | | |
| | | | | | |
| | | | | | |
| | | | | | |

## DAILY MONITORING REPORT
## Details of Leachet Treatment

| Date | Input Quantity | Output Quantity | Test results |
|---|---|---|---|
| 25.01.2019 | | | |
| 26.01.2019 | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |